TB Movie Panel Weekly Review

#moviepanel

# കൈയ്യൊപ്പ്

Written By : Jithin Sreedhar

" നമ്മൾ ബലി മൃഗങ്ങൾക്ക്
അവർ അവസാന അത്താഴം വിളമ്പുന്നു.

രാവ് മായുമ്പോൾ,
കൊലക്കത്തിയുടെ മൂർച്ചയിൽ
സൂര്യ താപം ജ്വലിക്കുമ്പോൾ,
പിടഞ്ഞു ചാവാൻ നമ്മൾ ഉണ്ടാകരുത്;
എന്റെ പ്രണയമേ
നമുക്ക് ഈ ഇരുൾമറിയിൽ
പരസ്പരം കൊമ്പ് കുത്തി ചാവാം!"

ബാലചന്ദ്രന്റെ കൂട്ടുകാരിൽ ആരോ ഒരാൾ യൂണിവേഴ്സിറ്റി ക്യാമ്പസ് ചുവരുകളിൽ കോറിയിട്ട വരികൾ! വർഷങ്ങൾ കഴിഞ്ഞ് പത്മ അത് ഓർത്തെടുക്കുമ്പോൾ ബാലചന്ദ്രന്റെ മാത്രമല്ല, കാണുന്ന നമ്മുടെ മനസ്സും എവിടൊക്കെയോ സഞ്ചരിക്കും. ആ കാല്പനിക സഞ്ചാരത്തിന് സംവിധായകൻ രഞ്ജിത്ത് ഇട്ട പേരാണ്

" കൈയൊപ്പ് "!

ഇത്രമേൽ മനോഹരമായ മറ്റൊരു രഞ്ജിത്ത് ചിത്രം ഉണ്ടോ എന്ന് സംശയമാണ്. സത്യം പറയാമല്ലോ, ചിത്രം അവസാനിക്കുന്ന വിധം എനിക്ക് ഇപ്പോഴും ഇഷ്ടമല്ല. ആ കഥാപാത്രത്തെ, പത്മയുടെ ബാലചന്ദ്രനെ എങ്കിലും ജീവിക്കാൻ വിടാമായിരുന്നു. പക്ഷെ, അതാണല്ലോ സിനിമ പറയാൻ ഉദ്ദേശിക്കുന്നതും.

ആ വിഷയം അവിടെ നിൽക്കട്ടെ. ഒന്ന് കൂടി കാണണം എന്ന ആഗ്രഹത്തോടെ കഴിഞ്ഞ ദിവസം സിനിമയെ കുറിച്ചു വെറുതെ ഒന്ന് ഗൂഗിളിൽ തിരഞ്ഞു. അപ്പോഴാണ് ഒരു പുതിയ അറിവ് ലഭിക്കുന്നത്. എൻ മഗജേ പോലുള്ള അതി ശക്തമായ കൃതികൾ മലയാളിക്ക് സമ്മാനിച്ച ശ്രീ അംബികസുദൻ മാങ്ങാട് സ്ക്രിപ്റ്റ് എഴുതിയ ഏക സിനിമ ആണ് കൈയൊപ്പ് ! ഒരു പക്ഷെ, ഇത് വായിക്കുന്നവരിൽ പലരുടെയും മനസ്സിൽ ഈ പറഞ്ഞത് മാത്രം ശരിയാണോ എന്ന് ഒരു സംശയം ഉടലെടുത്തിട്ടുണ്ടാകും. ഹോട്സ്റ്റാറിൽ സിനിമ ലഭ്യമാണ്. നിങ്ങൾക്ക് നേരിട്ട് കണ്ട് ഈ പറഞ്ഞത് ബോധ്യപെടാവുന്നത് ആണ്. അതേ, അങ്ങനെ നോക്കിയാൽ രഞ്ജിത്തിന്റെ മാത്രം കൈയൊപ്പ് അല്ല ഇതിൽ

പതിഞ്ഞിരിക്കുന്നത് എന്നു സാരം!

ബാലചന്ദ്രൻ :- മമ്മൂട്ടിയുടെ അനായാസമായ അഭിനയം. അതിന്റെ പ്രാധാന്യം മനസ്സിലാകണമെങ്കിൽ ആ കാലഘട്ടം എന്തായിരുന്നു എന്നറിയണം. സിനിമ ഇറങ്ങിയത് 2007ൽ ആണ്. നരസിംഹവും, വല്യേട്ടനും, രാവണ പ്രഭുവും, രാജമാണിക്യവും ഒക്കെ ഇറങ്ങി മലയാളത്തിലെ രണ്ടു മികച്ച നടന്മാരെ, പ്രേക്ഷകർ താര പരിവേഷത്തിന്റെ കൊടുമുടിയിൽ നിർത്തിയിരിക്കുന്ന കാലം. ആ സമയത്താണ് തിരക്കഥ കേട്ട്, പ്രതിഫലം പോലും ചോദിക്കാതെ മമ്മൂട്ടി ഇതിൽ അഭിനയിക്കുന്നത് അത്രേ ! പ്രതിഫലം മേടിക്കുന്നതും മേടിക്കാതിരിക്കുന്നതും അവിടെ നിൽക്കട്ടെ. പക്ഷെ, തിരികെ ഒന്ന് മണ്ണിൽ കാല് കുത്താൻ, ഒന്ന് സാധാരണക്കാരനാകാൻ, ആ താരങ്ങളും ആഗ്രഹിച്ചിട്ടുണ്ടാകും എന്നതല്ലേ മനസ്സിലാക്കേണ്ടത്. കിട്ടിയ അവസരം മമ്മൂട്ടി കൃത്യമായി ഉപയോഗിക്കയും ചെയ്തു. പുറത്ത് നിന്നും മുറിയിലേക്ക് കയറി, പുറം തിരിഞ്ഞു നിന്ന്, കൂടെ ഉള്ള ശിവദാസനോട് വർത്തമാനം പറയുന്നതിനിടയിൽ, മുണ്ട് മാറി ഉടുക്കുന്ന സാധാരണക്കാരനായ ബാലചന്ദ്രനെ ഇപ്പോഴും ഓർക്കുന്നു! ഒരു പക്ഷെ, ആവേശം കൊള്ളിച്ച രാജമാണിക്യത്തെക്കാളും ഇഷ്ടപെടുകയും ചെയ്യുന്നു!

പത്മ :- സിനിമയിലെ ഏറ്റവും കൃത്യമായ കാസ്റ്റിങ് ഖുശ്ബുവിന്റെത് ആണെന്ന് തോന്നിയിട്ടുണ്ട്. കല്പനികതയുടെ കാലത്ത് ആവോളം സ്വപ്നം കാണുകയും, യാഥാർത്ഥ്യത്തിന്റെ പിന്നീട് ഉള്ള ജീവിതത്തിൽ അവയെല്ലാം ഒന്നൊന്നായി നശിപ്പിച്ചു കളയുകയും ചെയ്യുന്ന വെറും സാധാരണക്കാരിയല്ല ഇതിലെ പത്മ. ഇതിൽ നിന്നും ഒക്കെ സ്വാതന്ത്ര്യം നേടി, ഒറ്റക്ക് ജീവിക്കുന്ന വളരെ ബോൾഡ് ആയ ഒരു കഥാപാത്രം. അങ്ങനെ ഒരു സ്ത്രീക്ക് സമൂഹത്തിലും, കുടുംബത്തിലും ഒക്കെ തന്നിഷ്ടക്കാരിയുടെയും, ധിക്കാരിയുടെയും മേൽവിലാസം ഉണ്ടാകാം. ഇവിടെയാണ് സംവിധായകൻ നേരിടുന്ന വെല്ലുവിളി. പത്മയുടെ ജീവിത വഴിയിലെ കുറച്ച് പ്രശ്നങ്ങളും, ബഹളങ്ങളും ഒക്കെ കൂട്ടി ചേർത്ത് സിനിമയുടെ ശാന്ത സ്വഭാവം കളയുകയും ചെയ്യരുത്, എന്നാൽ കഥാപാത്രത്തെ കൃത്യമായി പ്രേക്ഷകർ ഉൾക്കൊള്ളുകയും വേണം. ഖുശ്ബു എന്ന നടിയെ കൊണ്ട് വരുന്നത് കൊണ്ട് സംവിധായകന് ഉണ്ടായ കണക്ക് കൂട്ടലും അതാകാം. ഈ പറഞ്ഞ മുൻ ധാരണകൾ ആ കഥാപാത്രത്തിന് നൽകാൻ ഒരു രംഗം പോലും കാണിക്കേണ്ടത് ഇല്ല എന്നത് തന്നെ! അത് നൂറ് ശതമാനം വിജയിക്കുകയും ചെയ്തു.

ബാലചന്ദ്രനും പത്മയും മാത്രമല്ല, മുകേഷിന്റെ ശിവദാസൻ, നീന കുറുപ്പ്ന്റെ ലളിത, മാമുക്കോയയുടെയും അനൂപ് മേനോന്റെയും കഥാപാത്രങ്ങൾ; അങ്ങനെ കഥക്ക് വേണ്ട നടി നടന്മാരെ തിരഞ്ഞെടുക്കുന്നതിൽ സംവിധായകൻ പൂർണമായും വിജയിച്ചിട്ടുണ്ട് എന്ന് തന്നെ പറയാം.

ആദ്യമേ പറഞ്ഞല്ലോ, സിനിമയുടെ ഒടുക്കം കാണാൻ എനിക്ക് ഇപ്പോഴും ഇഷ്ടമല്ല. ആ കഥാപാത്രത്തെ കൊല്ലേണ്ടിയിരുന്നില്ല എന്നു തോന്നും! അനേകായിരം മനുഷ്യരുടെ സ്വപ്നങ്ങളെ ഇങ്ങനെ നിമിഷ നേരം കൊണ്ട് ഇല്ലാതാക്കുന്ന തീവ്രവാദ രാഷ്ട്രീയത്തെ നിശിതമായി വിമർശിക്കുന്ന സിനിമ, ഇറങ്ങി ഏതാണ്ട് 15 വർഷം കഴിയുന്ന ഈ കാലത്തും എത്രത്തോളം പ്രസക്തി അർഹിക്കുന്നു എന്നത് ഭയപ്പെടുത്തുന്ന ചിന്തയാണ്. വെടിമരുന്നിന്റെ പ്രഹരശേഷിയിൽ കത്തിയമരുന്ന നിസ്സഹായരായ മനുഷ്യ ജന്മങ്ങൾക്ക്, ഗായകൻ അറിയാതെ നിലച്ചു പോകുന്ന ആ പാട്ടുകൾക്ക് സമർപ്പിച്ചു കൊണ്ട് അവസാനിക്കുമ്പോൾ, കണ്ടിരിക്കുന്ന പ്രേക്ഷകന്റെ മനസ്സിലും ഒരു പുനർ വിചാരം സിനിമ സാധ്യമാക്കുന്നുണ്ട്. ലോകത്ത് എവിടെ ആയാലും, ഏത് മതം ആയാലും, മനുഷ്യനെ മനുഷ്യൻ ആയി കാണുകയും ബഹുമാനിക്കുകയും വേണം എന്ന പുനർ വിചാരം! അത് തന്നെയാണ് ഈ സിനിമയുടെ വിജയവും!